# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **10-06-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 564**

## കേന്ദ്ര നിക്ഷേപ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. പി.റ്റി.എ.റഹീം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്രനിക്ഷേപം നേടിയെടുക്കുന്നതിൽ ഈ സർക്കാർ കടുത്ത അലംഭാവം കാട്ടിയതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അനുവദിച്ച പദ്ധതികൾ പോലും യാഥാർത്ഥ്യമാക്കുന്നതിന് സാധിച്ചിട്ടില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) ഈ വകുപ്പിനു കീഴിൽ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ട വിഷയങ്ങളിൽ തക്കസമയത്ത് തന്നെ ഇടപെട്ട് സംസ്ഥാനത്തിന് അർഹമായ വിഹിതം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളാറുണ്ട്. |
| (സി) കേന്ദ്രവും സംസ്ഥാനവും ഒരേ കക്ഷി ഭരിച്ചത് കേന്ദ്രനിക്ഷേപം നേടിയെടുക്കാൻ സഹായകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ ; | (സി) ഇത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നിരുന്നാലും കഴിയുന്നത്ര കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കേന്ദ്രപൊതുമേഖലയിൽ എന്തു നേട്ടം ഉണ്ടാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കേന്ദ്രപൊതുമേഖലയിൽ താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

| പദ്ധതികൾ | മുതൽ മുടക്ക് (കോടിയിൽ) |
|---|---|
| ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ വികസന പദ്ധതി | - 12,000 |
| ഗെയിൽ പൈപ്പ്ലൈൻ പദ്ധതി കൊച്ചി-മാംഗ്ലൂർ-ബാംഗ്ലൂർ പൈപ്പ്ലൈൻ) | - 3,000 |
| സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി, കൊച്ചി | - 2,000 |
| സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (SAIL) – KMML ലുമായി ചേർന്നുള്ള ടൈറ്റാനിയം സ്പോഞ്ച്പദ്ധതി, കൊല്ലം | - 3,000 |
| നിർദ്ദേശ് പദ്ധതി, കോഴിക്കോട് | - 200 |

ഇവയെല്ലാം തന്നെ ബൃഹത് പദ്ധതികളായതിനാൽ പ്രാരംഭ ഘട്ടത്തിൽ ആവശ്യമായ പാരിസ്ഥിതിക പഠനങ്ങൾ, ധനസ്രോതസ് കണ്ടെത്തൽ, സാങ്കേതിക കൈമാറ്റം തുടങ്ങിയ അനുമതികൾ പഠനങ്ങൾക്കുമായി കുറെയധികം സമയം വേണ്ടി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ